


Vol. 3, Issue No. 11 **JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE** NOVEMBER 2017

## Editor's Desk

### മരണത്തെ ഭയക്കാതെ

ഈ ലോക ജീവിതത്തിന്റെ ക്ഷണികതയും നശ്വരതയും നമ്മെ ഓർമ്മപ്പെടുത്തിക്കൊണ്ടാണ് ഈ മാസം ആരംഭിച്ചത്. ഒരു പക്ഷേ ബോധമനസ്സിൽനിന്നും മനപ്പൂർവ്വമോ അല്ലാതെയോ നാം മാറ്റിനിർത്താൻ ആഗ്രഹിക്കുന്നതാണ് ജീവിതാവസാനത്തെക്കുറിച്ചുള്ള ഓർമ്മകൾ.

പ്രശസ്ത തത്വചിന്തകനായ മാർട്ടിൻ ഹൈഡഗർ പറയുന്നത് "മരണം ഏറ്റവും സുനിശ്ചിതമായ സാധ്യത" ആണെന്നാണ്. അനിശ്ചിതത്വം കൊടികുത്തിവാഴുന്ന മനസ്സുകൾക്കും സാമൂഹ്യവ്യവസ്ഥിതികൾക്കും അവ സൃഷ്ടിക്കുന്ന അങ്കലാപ്പുകൾക്കും ആവലാതികൾക്കും ഇടയിൽ മരണമെന്ന സുസ്ഥിര സാധ്യതയെ ആവോളം പുൽകാനുള്ള ആഹ്വാനമാണ് അദ്ദേഹം നൽകുക. അങ്ങനെ നോക്കുമ്പോൾ, മരണമെന്നത് നിഷേധാത്മകമായും ഭീതിയോടെയും നോക്കിക്കാണേണ്ട ഒരു അപ്രിയസത്യം അല്ലെന്നും ഒരുവന്റെ അസ്ഥിത്വത്തിന്റെ പരമമായ സാധ്യതയായി നോക്കിക്കാണേണ്ടതുമാണ് എന്നാണദ്ദേഹം പറയാൻ ശ്രമിക്കുക. അതുകൊണ്ടു തന്നെ, ജീവിതത്തിലെ നിമിഷങ്ങളെ അവധാനതയോടെയും സ്വച്ഛതയോടെയും പ്രാപിക്കാൻ സമതുലിതമായിട്ടുള്ളതും ഉൾകർഷേച്ഛാപരമായിട്ടുള്ളതുമായ ജീവിത വീക്ഷണം സ്വായത്തമാക്കേണ്ടത് സ്വാഗതാർഹമാണെന്ന് മാത്രമല്ല, അത്യന്താപേക്ഷിതവുമാണ്.

ജീവിതാവസാനത്തെ ശാന്തമായി നോക്കിക്കാണാനും ആ സാധ്യതയിലേക്ക് ജീവിതത്തിലെ ഓരോ നിമിഷവും രൂപപ്പെടുത്തിയെടുക്കാനും നമുക്കേവർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

**ഫാ. സിജോ ചെറുവത്തൂർ**
*എഡിറ്റർ*




ജൂബിലിയിൽ ഇ. എസ്. ഐ. യിലെ ഡോക്ടർമാർക്കായി അത്യാഹിതങ്ങളിൽ ഉപയോഗിക്കേണ്ട പ്രഥമ ശുശ്രൂഷയെ കുറിച്ച് ക്ലാസ് നടത്തി. എമർജൻസി വിഭാഗം വകുപ്പ് മേധാവി ഡോ ബാബു ഉറുമീസ് പാലാട്ടി ക്ലാസ്സിന് നേതൃത്വം നൽകി.

## കാഴ്ചദിനം : നേത്രദാന സന്ദേശവുമായി തൃശ്ശൂരിൽ കണ്ണുകെട്ടി നടത്തം




നേത്രദാന സന്ദേശവുമായി ലോക കാഴ്ചദിനമായ ഒക്ടോബർ 12-ന് തൃശ്ശൂരിൽ ബ്ലൈൻഡ് വാക്ക് സംഘടിപ്പിച്ചു. കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് തൃശ്ശൂർ യൂണിറ്റിലെ അമ്പത് അന്ധർ നയിച്ച അന്ധയാത്രയിൽ, കണ്ണുകെട്ടി പൗരപ്രമുഖരും വിദ്യാർത്ഥികളും, തൃശ്ശൂർ സെന്റ് മേരീസ്, സെന്റ് തോമസ് കോളേജ് എൻ.എസ്.എസ്., എൻ.സി.സി., സാമൂഹിക പ്രവർത്തന വിദ്യാർത്ഥികളും പങ്കെടുത്തു. ആട്ടംകലാസമിതി അവതരിപ്പിച്ച കണ്ണുകെട്ടികൊണ്ടുള്ള ശിങ്കാരിമേളം കൗതുകമായി.

തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയും, ബാംഗളൂരുവിലെ പ്രോജക്ട് വിഷനും, റോട്ടറി ക്ലബ്ബ് തൃശ്ശൂർ സിറ്റിയും ചേർന്നാണ് അത്യപൂർവ്വമായ കണ്ണുകെട്ടിയുള്ള നടത്തം ഒരുക്കിയത്.



## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയ്ക്ക് എൻ. എ. ബി. എച്ച്. എൻട്രി ലെവൽ അംഗീകാരം

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയ്ക്ക് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഓഫ് ഹോസ്പിറ്റൽസിന്റെ എൻട്രി ലെവൽ അംഗീകാരം ലഭിച്ചു. വിദ്യഭ്യാസ മന്ത്രി ശ്രീ. സി. രവീന്ദ്രനാഥ് അംഗീകാരപത്രം, ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്തിന് കൈമാറി. മികച്ച നിലവാരമുള്ള ചികിത്സാലഭ്യത, മരുന്നുകളുടെ ശരിയായ ഉപയോഗം, തുടർച്ചയായ ഗുണനിലവാരം എന്നിങ്ങനെ തുടങ്ങുന്ന നിരവധി മേഖലകളിൽ നേരിട്ടുള്ള പരിശോധനകൾക്ക് ശേഷമാണ് അംഗീകാരം നൽകിയത്. തുടർന്ന് നടന്ന ജൂബിലി ഫെസ്റ്റ് ചടങ്ങിൽ പ്രശസ്ത പിന്നണി ഗായകൻ ശ്രീ. ജയചന്ദ്രൻ മുഖ്യാതിഥിയായിരുന്നു. ബിഷപ്പ് മാർ ടോണി നീലങ്കാവിൽ, മാർ ജേക്കബ്ബ് തൂങ്കുഴി എന്നിവരും പങ്കെടുത്തു.



ജൂബിലി മിഷൻ ആശുപത്രിയിൽ ഹോസ്പിറ്റൽ ഡേ ആഘോഷിച്ചു. വിദ്യാഭ്യാസ മന്ത്രി ശ്രീ. സി രവീന്ദ്രനാഥ്, മുഖ്യാതിഥി പ്രശസ്ത പിന്നണി ഗായകൻ ശ്രീ. ജയചന്ദ്രൻ, ബിഷപ്പ് മാർ ജേക്കബ് തൂങ്കുഴി എന്നിവർ പങ്കെടുത്തു. ജൂബിലി ഫെസ്റ്റിൽ സമ്മാനാർഹരായവർ കലാപരിപാടികൾ അവതരിപ്പിച്ചു. യോഗത്തിൽ കഴിഞ്ഞ വർഷം വിരമിച്ചവരെയും 25 വർഷം പൂർത്തിയാക്കിയവരെയും ആദരിച്ചു.

## ഓട്ടിസം സെമിനാർ


ലോക മാനസികാരോഗ്യ ദിനത്തിനോടനുബന്ധിച്ച് ഒക്ടോബർ 10-ന്, ഓട്ടിസം ഉൾപ്പെടെയുള്ള കുട്ടികളിലെ മാനസിക രോഗങ്ങളെക്കുറിച്ചും, അവയുടെ നൂതന ആയുർവ്വേദ ചികിത്സാ രീതികളെക്കുറിച്ചും ജൂബിലി ആയുർവ്വേദ ആശുപത്രിയിലെ സീനിയർ കൺസൾട്ടന്റ് ഡോ. അനുമോദ് കാക്കശ്ശേരി പ്രബന്ധം അവതരിപ്പിച്ചു. തുടർന്ന് വിദഗ്ദ്ധരുടെ നേതൃത്വത്തിൽ ചർച്ചകളും നടന്നു. ഓട്ടിസം സൊസൈറ്റി തൃശ്ശൂരിൽ നിന്നും ശ്രീ. എ. എസ്. രവി സെമിനാറിൽ പങ്കെടുത്തു.

## What is IOT (Internet of Things) ?

This is the concept of basically connecting any device to the Internet (and/or to each other). This includes everything from cellphones, coffee makers, washing machines, headphones, lamps, wearable devices and almost anything else you can think of.

This also applies to medical devices potentially revolutionizing health care.

The analyst firm Gartner says that by 2020 there will be over 26 billion connected devices...




# JUBILEE COLOURS 2017



## ജില്ലാതല ചിത്രരചനാ മത്സരം

സ്ഥലം : തോപ്പ് ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ

തിയ്യതി : 2017 നവംബർ 10 വെള്ളിയാഴ്ച, രാവിലെ 9.00 മുതൽ 1.00 വരെ

രജിസ്ട്രേഷൻ ഫീസ് ഇല്ല

കൂട്ടുകാരെ,

ശിശുദിനാഘോഷത്തോടനുബന്ധിച്ച് നവംബർ 10-ാം തിയ്യതി വെള്ളിയാഴ്ച ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പേഷ്യന്റ് റിലേഷൻസ് ഡിപ്പാർട്ട്മെന്റും, പീഡിയാട്രിക് വിഭാഗവും സംയുക്തമായി തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ വെച്ച് 1-ാം ക്ലാസ്സ് മുതൽ +2 വരെയുള്ള കുട്ടികൾക്കായി ജില്ലാതല ചിത്രരചനാ മത്സരം **JUBILEE COLOURS 2017** സംഘടിപ്പിക്കുന്നു. എല്ലാ കൂട്ടുകാരേയും ജൂബിലി ഹോസ്പിറ്റൽ ശിശു ദിനാഘോഷത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

എന്ന്

**Fr. ഫ്രാൻസിസ് പള്ളികുന്നത്ത്**
ഡയറക്ടർ
ജൂബിലി മിഷൻ മെഡിക്കൽ കോളേജ് &
റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ

**Mr. പ്രവീൺ ജോർജ്ജ്**
പ്രോഗ്രാം കൺവീനർ
ജൂബിലി കളേഴ്സ്
ഫോൺ : 9207155588

### നിബന്ധനകൾ

- പങ്കെടുക്കുന്ന കുട്ടികൾ രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ നടത്തേണ്ടതാണ്.
- പങ്കെടുക്കുന്ന കുട്ടികൾ ഉച്ചഭക്ഷണം കൊണ്ടുവരേണ്ടതാണ്.
- പേപ്പർ ഒഴികെ ചിത്രരചനയ്ക്കുള്ള സാമഗ്രികൾ കുട്ടികൾ കൊണ്ടുവരേണ്ടതാണ്.
- ഒന്നാം ക്ലാസ്സുമുതൽ നാലാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് പ്രത്യേക വിഷയം ഉണ്ടായിരിക്കുന്നതല്ല.
- മത്സര സമയം 2 മണിക്കൂർ ആയിരിക്കും.
- ഓയിൽ പെയിന്റ് അനുവദിക്കുന്നതല്ല

| Categories | Class | Theme |
|---|---|---|
| A | 1st-4th Std | Any Theme |
| B | 5th-7th Std | Beauty of Nature |
| C | 8th-10th Std | My Happiest Place on Earth |
| D | +1 & +2 | Sharing is Caring |

**For more Details, Contact**

**9207155588, 7025189666, 8111873222**
**jubileecolours@gmail.com**

## രക്തസമ്മർദ്ദത്തെക്കുറിച്ച് അവബോധമുണ്ടാക്കുവാൻ ജൂബിലി മിഷൻ

ലോക ഹൃദയദിനാചരണത്തോടനുബന്ധിച്ച് യാത്രക്കാർക്കായി തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയുടെ നേതൃത്വത്തിൽ, സൗജന്യ അടിസ്ഥാന പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ്, ശക്തൻ ബസ് സ്റ്റാന്റ് എന്നിവിടങ്ങളിൽ എത്തിച്ചേർന്ന ആയിരത്തോളം യാത്രക്കാർക്കായാണ് പരിശോധന ക്യാമ്പ് സംഘടിപ്പിച്ചത്. തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലർ ശ്രീ. ജോർജ്ജ് ചാണ്ടി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ ആശുപത്രി അസി. ഡയറക്ടർ ഫാ. ടിജോ ജോയ് മുള്ളക്കര, ശ്രീ. പ്രവീൺ ജോർജ്ജ്, ശ്രീ. എൽജോ ആന്റണി, ശ്രീ. ആന്റണി ജേക്കബ്ബ്, സ്കൂൾ ഓഫ് നഴ്സിങ്ങിലെ വിദ്യാർത്ഥികൾ തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകി.



## Jubilee Fest 2017







| CONGRATULATIONS | | | |
|---|---|---|---|
| Jubilee Fest 2017 competition winners | | | |
| Group Song | First | Mr. Anish Jose P & Team | Golden Jubilee & Administrative Block |
| | Runner up | Ms. Ancy Kunjumon & Team | St. Thomas Block |
| Kitchen Dance | First | Ms. Dolphy Jose & Team | Old Block 1 |
| | Runner up | Ms. Jina Johny & Team | St. Thomas Block |
| Solo Song Male | First | Mr. Anish Jose P | Golden Jubilee & Administrative Block |
| | Runner up | Dr. Appu Susheel | Old Block 1 |
| Solo Song Female | First | Ms. Ancy C J | St. Thomas Block |
| | Runner up | Ms. Sreeja C K | Golden Jubilee & Administrative Block |
| Prop Skit Male | First | Mr. Anto Twinkle | Golden Jubilee & Administrative Block |
| | Runner up | Mr. Anish C A | Hrudayalaya Block |
| Prop skit Female | First | Ms. Jina Johny | St. Thomas Block |
| | Runner up | Dr. Anu Francis | Golden Jubilee & Administrative Block |
| Overall Champions - Team Golden Jubilee & Administrative Block | | | |

## Welcome to Jubilee Family

| Sl. No | Name | Department |
|---|---|---|
| 1 | JENSHA JOY K | Pharmacy |
| 2 | GLADIS GEORGE | Pharmacy |
| 3 | SUJA THOMAS | Nursing |
| 4 | ANJU ANTONY | Nursing |
| 5 | ROSMI PETER | Nursing |
| 6 | JEENET E J | Nursing |
| 7 | MARY BLESSY N J | Nursing |
| 8 | BIJOMI JOHN K | Nursing |
| 9 | JISMY JOSE | Nursing |
| 10 | RINSU ANNA KURIAKOSE | Nursing |
| 11 | SELES VARGHESE | Nursing |
| 12 | SHERIN DENNY | Nursing |
| 13 | NIMY NETTO | Nursing |
| 14 | ANJALI ANTONY | Nursing |
| 15 | JINCY JOHNSON M | Nursing |
| 16 | SALITHA SEBASTIAN | Nursing |
| 17 | JISHNU I M | Radiology |
| 18 | EVISHA ANTONY | Anaesthesia |
| 19 | SWATHI K S | Radiology |
| 20 | SHINCY JOSEPH | Central Laboratory |
| 21 | Sr. ELSA LSMS | General |

## ചായ

മലയാളികളുടെ ഒരു ദിവസം ആരംഭിക്കുന്നതുതന്നെ ഒരു കപ്പ് ചായയിലും പത്രത്തിലുമാണ്. ഏതു സമയത്തും മലയാളികൾ കുടിക്കാൻ ഇഷ്ടപ്പെടുന്ന ഒന്നാണ് ചായ. എന്നാൽ, രാവിലെ വെറും വയറ്റിലുള്ള ചായകുടി ശരീരത്തിന് ഒരു ഗുണവും സമ്മാനിക്കുന്നില്ല. കാരണം, രാവിലെ നമ്മുടെ ശരീരം വിശ്രമാവസ്ഥയിലാണ്. മന്ദഗതിയിലുള്ള ശാരീരിക പ്രവർത്തനങ്ങളെ വേഗത്തിലാക്കാൻ കൂടുതൽ ഊർജം നൽകുന്ന തരത്തിലുള്ള ഒരു പ്രഭാതഭക്ഷണമാണ് നമ്മൾ ആദ്യം കഴിക്കേണ്ടത്. കൂടെ, ഒരു കപ്പ് ചായയുമാകാം.

ചായയിൽ അടങ്ങിയിരിക്കുന്ന 'കഫീൻ' എന്ന പദാർത്ഥം തലച്ചോറിലെ കോശങ്ങളെ പെട്ടെന്ന് ഉത്തേജിപ്പിക്കുന്നു അതുകൊണ്ടാണ് ചായ കുടിച്ചാലുടനെ ഉന്മേഷം തോന്നുന്നത്. ചായകുടി ആരോഗ്യപ്രദമാക്കുന്നതിന് ആദ്യം തന്നെ ചായയിലെ മധുരം കുറയ്ക്കേണ്ടതുണ്ട്.

ഒരു നിയന്ത്രണവുമില്ലാത്ത ചായകുടി ശരീരത്തിലെ നിർജ്ജലീകരണത്തിന് (Dehydration) കാരണമാകുന്നു. ചായ ആന്റി-ഓക്സിഡന്റുകളാൽ സമ്പന്നമാണ്. ഇത് ശരീരത്തിലെ നശിച്ച കോശങ്ങളെ പുറന്തള്ളുന്നതിനും കോശങ്ങൾ നശിക്കുന്നത് തടയുന്നതിനും സഹായിക്കുന്നു.

**Dept. of Dietary & Nutrition**



# ആയുർവ്വേദം കാലാതീതം 21

ജൂബിലി ആയുർവ്വേദയിൽ നടത്തിയ ചികിത്സകൾകൊണ്ട് ഏറ്റവും ഗുണം ഉണ്ടായിട്ടുള്ള രോഗമാണ് വന്ധ്യത. നിരാശയിൽ കഴിഞ്ഞിരുന്ന ഒരുപാട് സ്ത്രീകൾക്ക് അമ്മയാകുവാൻ നമ്മുടെ സ്ഥാപനം കാരണമായി തീർന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം. പുരുഷ വന്ധ്യത, സ്ത്രീ വന്ധ്യത, രണ്ടു പേരുടേയും കാരണം കൊണ്ടുള്ള വന്ധ്യത എന്നിങ്ങനെ പല വിധത്തിലാകാം. ഓരോ രോഗത്തിനും ശ്രേഷ്ഠമായ ഔഷധങ്ങൾ പറയുന്ന വിഭാഗത്തിൽ ആയുർവ്വേദ ആചാര്യന്മാർ വന്ധ്യതയ്ക്ക് പറയുന്നതിങ്ങനെയാണ്, സൗമനസ്യം ഗർഭധരണാനാം ശ്രേഷ്ഠം ഇതിന്റെ അർത്ഥം സന്തോഷമുള്ള മനസ്സുകളുടെ ഐക്യമാണ്

ഗർഭധാരണത്തിൽ ശ്രേഷ്ഠം. പുരുഷ വന്ധ്യതയുടെ ഏറ്റവും പ്രധാനപ്പെട്ട കാരണം പുരുഷബീജത്തിന്റെ അളവ് കുറയുകയോ ചലനശക്തി കുറയുകയോ ആണ്. ഈയൊരവസ്ഥയെ മാറ്റിയെടുക്കുവാൻ ആയുർവ്വേദ മരുന്നുകൾക്ക് വളരെ പെട്ടെന്ന് സാധിക്കുന്നുണ്ട്. അമുക്കുരം, നായ്ക്കുരണ പരിപ്പ് തുടങ്ങി ധാരാളം മരുന്നുകൾ ബീജത്തിന്റെ ശക്തി വർദ്ധിപ്പിക്കുമെങ്കിലും തെറ്റായ അവസ്ഥകളിൽ പ്രയോഗിക്കുന്നത് ബീജത്തിന്റെ ചലനശക്തി കുറയ്ക്കുന്നതായി കണ്ടിട്ടുണ്ട്. ശരീരത്തിൽ ചൂട് വർദ്ധിക്കുന്നത്, വൃഷ്ണ സഞ്ചിയിലെ രക്ത കുഴലുകൾ തടിക്കുന്നത് തുടങ്ങി നിരവധി കാരണങ്ങൾ പുരുഷ വന്ധ്യതയ്ക്ക് ഉണ്ട്.


സ്ത്രീ വന്ധ്യതയുടെ പ്രധാന കാരണം അണ്ഡാശയ, ഗർഭാശയ മുഴകളാണെന്ന് നമുക്കറിയാം. ഈ രോഗാവസ്ഥകളൊന്നും ഇല്ലെങ്കിൽ തന്നെയും ഗർഭം ധരിക്കണമെന്നില്ല. ഈ അവസ്ഥയിലാണ് ഗർഭാശയത്തെ ശക്തിപ്പെടുത്തുന്ന ആയുർവ്വേദ മരുന്നുകൾ ഫലം ചെയ്യുന്നത്. ഡാഡിമാദി ഘൃതം എന്ന മരുന്നിനെകുറിച്ച് പറയുന്നത് വന്ധ്യാനാം സുതപ്രദംഎന്നാണ്. ഗർഭാശയത്തിലുണ്ടാകുന്ന മറ്റ് തകരാറുകൾ, ഹോർമോണൽ തകരാറുകൾ എന്നിവ സ്ത്രീ വന്ധ്യതയ്ക്ക് കാരണമായി തീരാം. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള അനൈക്യം പലപ്പോഴും വന്ധ്യതയ്ക്ക് കാരണമായി തീരാം. കുഞ്ഞ് വേണമെന്നുള്ള ആഗ്രഹവും ഇതിന് പ്രധാനമാണ്. അതിലുപരി കുഞ്ഞ് ദൈവത്തിന്റെ ദാനം ആണെന്നുള്ള തിരിച്ചറിവിലേയ്ക്ക് നമുക്ക് കടന്നുവരാം.

**ഡോ. അനുമോദ് കാക്കശ്ശേരി** (എം. ഡി. ആയുർവ്വേദം).
സീനിയർ കൺസൾട്ടന്റ് , ജൂബിലി ആയുർവ്വേദ


## ജോലിസ്ഥലത്തെ മാനസിക ആരോഗ്യം

ലോക മാനസിക ആരോഗ്യ ദിനത്തോടനുബന്ധിച്ച് ഈ വർഷത്തെ തിരഞ്ഞെടുക്കപ്പെട്ട “ജോലിസ്ഥലത്തെ മാനസികാരോഗ്യം” എന്ന വിഷയം ആസ്പദമാക്കി ഒക്ടോബർ പത്താം തിയ്യതി ലോക മാനസികാരോഗ്യ ദിനാചരണത്തിന്റെ ഭാഗമായി കേരള സൈക്യാട്രിക്ക് സൊസൈറ്റിയും തൃശ്ശൂർ ഗിൽഡും ഒരുമിച്ച് ഒരു ഏകദിന സെമിനാർ സംഘടിപ്പിച്ചു. ജോലിസ്ഥലത്തെ സമ്മർദ്ദം, ജീവനക്കാരുടെ ആരോഗ്യത്തിനും, സ്ഥാപനങ്ങളുടെ ആരോഗ്യപൂർണ്ണമായ നിലനിൽപ്പിനും ഒരു വെല്ലുവിളിയാണ്. മാനസിക സമ്മർദ്ദം അനുവിക്കുന്ന മനുഷ്യർ അനാരോഗ്യമുള്ളവരും ലക്ഷ്യബോധം കുറവുള്ളവരും, കുറഞ്ഞ ഉൽപാദനക്ഷമതയുള്ളവരും ആകുന്നു. ഇവർക്ക് സുരക്ഷിതത്വം കുറവായി അനുഭവപ്പെടുന്നു. തത്ഫലമായി അവർ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മത്സരാതിഷ്ഠിതമായ ചുറ്റുപാടിൽ വിജയം കൈവരിക്കാനാകില്ല. നമ്മുടെ കാലഘട്ടത്തിൽ സ്ത്രീ-പുരുഷ ഭേദമന്യേ എല്ലാവരും ജോലിക്കാർ ആകുമ്പോൾ ഇതൊരു സാമൂഹ്യപ്രശ്നമായി മാറികൊണ്ടിരിക്കുകയാണ്. ഇതിന്റെ മൂലകാരണങ്ങൾ എന്താണെന്നും അതെങ്ങനെ പരിഹരിക്കാമെന്നും നാം ആലോചിക്കേണ്ടിയിരിക്കുന്നു. സെമിനാറിൽ മാനസികാരോഗ്യ മേഖലയിലെ പ്രമുഖ വ്യക്തികൾ പ്രഭാഷണം നടത്തി.

## ലോക മാനസികാരോഗ്യദിനം ഒക്ടോബറിൽ ആചരിച്ചു
















ജൂബിലി മിഷൻ കോളജ് ഓഫ് നഴ്സിങ്ങിലെ സൈക്യാട്രിക് നഴ്സിങ്ങ് വിഭാഗവും മൂന്നാം വർഷ BSc. നഴ്സിങ്ങ് വിദ്യാർത്ഥികളും ചേർന്ന് ലോക മാനസികാരോഗ്യദിനം ആചരിച്ചു. ‘മാനസികാരോഗ്യം ജോലിയിടങ്ങളിൽ’ എന്ന ഈ വർഷത്തെ വിഷയത്തെ കേന്ദ്രീകരിച്ച് അദ്ധ്യാപകർ, നഴ്സസ്, കൃഷിക്കാർ, വീട്ടമ്മമാർ, IT പ്രൊഫഷണൽസ് എന്നീ അഞ്ച് തുറകളിൽ ജോലി ചെയ്യുന്നവരുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുതകുന്ന ഒരു Package (5 മോണോഗ്രാഫുകളും ഓഡിയോ സന്ദേശങ്ങളും) അന്നേ ദിവസം മീഡിയ വഴി സമൂഹത്തിന് കൈമാറി.



ജൂബിലി മിഷൻ ആശുപ ത്രിയിൽ മെഡിക്കൽ ഓൺകോളജി, ഡോ. മിഥുൻ ചാക്കോ ജോണിന്റെ നേതൃത്വ ത്തിലുള്ള കിമോതെറാപ്പി യൂണിറ്റിലെ ബയോ സേഫ്റ്റി ക്യാബിനറ്റിന്റെ ആശിർവാദകർമ്മം ബഹു. ഫാ. ടിജോ ജോയ് മുല്ലക്കര നിർവഹിച്ചു

**Editorial Board** : Fr. Sijo Cheruvathoor | Fr. Tijo Joy | Dr. Benny Joseph | Dr. Aswath | Mr. Baby | Mr. Devassy | Mr. Vinu | Mr. Noble | Mr. Anto Twinkle | Ms. Suma Paul
Ms. Deepa Tom | Ms. Raki K. V. | Ms. Nicy Antony | Ms. Chippy | Ms. Greeshma | Ms. Dinu | Ms. Vineetha